"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഹോമിയോപ്പതി - കോട്ടയം ജില്ലയിലെ കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ ഒ.പി. അകലക്കുന്നം ഗ്രാമപഞ്ചായത്ത് 7-ാം വാർഡിലെ വികാരി ഹോളിക്രോസ് ചർച്ച്, കാഞ്ഞിരമറ്റം ഉടമസ്ഥതയിലുള്ള 7/285D1 കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.429/2026/AYUSH തീയതി,തിരുവനന്തപുരം, 29-08-2026

---

പരാമർശം:-
1. 30/03/2024 ലെ സി2/32/2022-ആയുഷ് നമ്പർ പരിപത്രം.
2. സ.ഉ.(സാധാ)നം.468/2025/ആയുഷ്, തീയതി 14/09/2025.
3. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 24/10/2025, 02/06/2026ല എന്നീ തീയതികളിലെ DHTVM/1195/2023-P2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരമറ്റം വാർഡിൽ പ്രവർത്തിക്കുന്ന കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ ഒ.പി, പരാമർശം (1) പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം, അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ കാഞ്ഞിരമറ്റം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മാർസ്ലീവാ പള്ളി വക 200-ാം നമ്പർ കെട്ടിടത്തിൽ ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എന്നാൽ, പ്രസ്തുത കെട്ടിടത്തിൽ പെരിഫറൽ ഒ.പി. നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യം കുറവായതിനാൽ ആയത് ടി കെട്ടിടത്തിൽ നിന്നും മാറ്റി 7-ാം വാർഡിലെ വികാരി ഹോളിക്രോസ് ചർച്ച്, കാഞ്ഞിരമറ്റം ഉടമസ്ഥതയിലുള്ള 7/285D1 കെട്ടിടത്തിൽ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് എന്നിവ സഹിതം പരാമർശം (3) പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും വസ്തുതകളുടേയും

അടിസ്ഥാനത്തിൽ , കരിമ്പാനി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ പെരിഫറൽ ഒ.പി. പരാമർശം (2) പ്രകാരം അനുമതി നൽകിയ അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ കാഞ്ഞിരമറ്റം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മാർസ്ലീവാ പള്ളി വക 200-ാം നമ്പർ കെട്ടിടത്തിൽ നിന്നും മാറ്റി 7-ാം വാർഡിലെ വികാരി ഹോളിക്രോസ് ചർച്ച്, കാഞ്ഞിരമറ്റം ഉടമസ്ഥതയിലുള്ള 7/285D1 കെട്ടിടത്തിൽ, പരാമർശം (1) പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം, ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിപ്പിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VIJAIRAJ J**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
3. സെക്രട്ടറി, അകലക്കുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/96/2024-AYUSH)

ഉത്തരവിൻ പ്രകാരം

Digitally signed by
Khan M. Jahangir
Date: 31-08-2026
10:27:55

സെക്ഷൻ ഓഫീസർ